(ഐ) മൂന്ന്.

(ജെ) പേരൂർക്കട ലോക്കപ്പ് മരണത്തെക്കുറിച്ച് അന്വേഷിച്ച പ്രഹ്ളാദൻ കമ്മീഷനേറയും ചാത്തന്നൂർ ലോക്കപ്പ് മരണത്തെക്കുറിച്ച് അന്വേഷിച്ച അബൂബക്കർ കമ്മീഷനേറയും അന്വേഷണ റിപ്പോട്ടുകൾ ലഭിച്ചിട്ടുണ്ട്.

(കെ) കമ്മീഷൻ കുറ്റക്കാരെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഗവൺമെൻറ് നിർദ്ദേശിച്ചതനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. സി. ജോർജ് : ഈ അന്വേഷണ കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. വയലാർ രവി : കമ്മീഷൻ കുറ്റക്കാരെന്നു കണ്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കോടതി ശിക്ഷിച്ച ആളുകളെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു.

ശ്രീ. പി. സി. ജോർജ് : ഈ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനുമുമ്പ് പ്രതിപക്ഷനേതാവായ ശ്രീ. ഇ. കെ. നായനാരുടെ കാലത്ത് ലോക്കപ്പുമരണമുണ്ടായതിൻറെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നായനാർ ഗവൺമെൻറ് നടപടി സ്വീകരിച്ചതായി ഗവൺമെൻറിനറിയാമോ ?

ശ്രീ. വയലാർ രവി : നായനാർ ഗവൺമെൻറിൻറെ കാലത്ത് ആറ് ലോക്കപ്പ് മരണങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഒരു കേസിൽ മാത്രമാണ് കേസ് എടുക്കുകയും ചില ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഉണ്ടായിട്ടുള്ള ലോക്കപ്പുമരണങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. വയലാർ രവി : ആറ് ലോക്കപ്പുമരണങ്ങളാണുണ്ടായിട്ടുള്ളത്. മേലുകാവിൽ ജോർജ്, അമ്പലവയൽ പോലീസ് സ്റ്റേഷനിൽ പൈലി, കരിവണ്ണൂർ പോലീസ് സ്റ്റേഷനിൽ രാജപ്പൻ, ചിന്നപ്പൻ എറണാകുളം, ഭുവനേന്ദ്രൻ തിരുവനന്തപുരം, രാജൻ വടക്കാഞ്ചേരി എന്നീ ആറ് ആളുകളാണ് ശ്രീ. നായനാരുടെ ഭരണകാലത്ത് ലോക്കപ്പിൽവച്ച് മരണമടഞ്ഞിട്ടുള്ളത്.

ലാൻഡ് യൂട്ടിലൈസേഷൻ നിയമം

50. * [54] ശ്രീ. എം. കെ. കേശവൻ :
,, നാലകത്ത് സൂപ്പി :
,, കെ. പി. എ. മജീദ് :
,, കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡ് യൂട്ടിലൈസേഷൻ നിയമത്തിന് വിരുദ്ധമായി പാടങ്ങൾ നികത്തി വീട് വെയ്ക്കുന്നതായി ഉള്ള പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1982-നു ശേഷം സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽപ്പാടങ്ങൾ നികത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര ഹെക്ടർ നിലം നികത്തി മറ്റ് കൃഷികാര്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് മന്ദിരങ്ങളും പണിതിട്ടുണ്ട് ;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്ത് നെല്ലുൽപ്പാദനം 1982-നു ശേഷം ഓരോ വർഷവും എത്ര കണ്ടു കുറഞ്ഞിട്ടുണ്ട് ;

(എഫ്) ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) 1982-83-ൽ 7317 ഏക്കറും 1983-84-ൽ 5593 ഏക്കറും നെൽപ്പാടങ്ങളും മറ്റാവശ്യങ്ങൾക്കായി മാറിയിട്ടുള്ളതായി അറിയാം. അതിനുശേഷമുള്ള വിവരം ലഭ്യമല്ല.

(സി ആൻഡ് ഡി) മറ്റു കൃഷികാര്യങ്ങൾക്കുവേണ്ടിയും മന്ദിരങ്ങളും പണിയുന്നതിനുവേണ്ടിയും നെൽപ്പാടങ്ങളും നികത്തിയതു സംബന്ധിച്ച പ്രത്യേക കണക്കുകളും ശേഖരിക്കാറില്ല.

(ഇ) അരിയുൽപ്പാദനം 1982-നു ശേഷം എല്ലാ വർഷവും കുറഞ്ഞിട്ടില്ല. 1982-83-ൽ മുപ്പത്തീരായിരം ടണ്ണും 1983-84-ൽ ഒരു ലക്ഷം ടണ്ണും മുൻവർഷങ്ങളേക്കാൾ കുറഞ്ഞെങ്കിലും 1984-85-ൽ നാൽപ്പത്തെണ്ണായിരം ടൺ മുൻവർഷത്തേക്കാൾ കൂടുകയും 1985-86-ൽ ഇരുപത്തിമൂവായിരം ടൺ കുറയുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിച്ചതുകൊണ്ടാണ് വിസ്തൃതി കുറവിനു ആനുപാതികമായി മൊത്തം ഉൽപ്പാദനം കുറയാതിരുന്നത്.

(എഫ്) നിയമാനുസൃതം കർശന നടപടികളും സ്വീകരിക്കുന്നുണ്ട്.

ശ്രീ. എം. കെ. കേശവൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കിൽനിന്നു തന്നെ കഴിഞ്ഞ നാലു വർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് ഭക്ഷ്യോൽപ്പാദനരംഗത്ത് ഗണ്യമായ കുറവുണ്ടെന്ന് മനസിലാക്കാൻ കഴിയുന്നുണ്ട്. നിലവിലുണ്ടായിരുന്ന ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് കുറേപേർ ഗവൺമെന്റിന്റെയും ചില ആളുകളുടേയും സഹായത്തോടുകൂടി സൗകര്യപൂർവ്വം ലംഘിച്ചുകൊണ്ട് നെൽപ്പാടങ്ങളും നികത്തി വീടു വയ്ക്കുന്നതിനും മറ്റു സൗകര്യങ്ങൾക്കു വേണ്ടിയും ഉപയോഗിച്ചതുകൊണ്ടല്ലേ ഇത്തരത്തിൽ ഭക്ഷ്യോൽപ്പാദനരംഗത്ത് കുറവ് വന്നിട്ടുള്ളത് ? അതുകൊണ്ട് നിലവിലുള്ള ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് നിർബന്ധമായും നടപ്പിലാക്കാൻ അടിയന്തിരനടപടികളും സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : നിർബന്ധമായും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ നികത്തിയതായി അറിവൊന്നും കിട്ടിയിട്ടില്ല.

ശ്രീ. എം. കെ. കേശവൻ : ഇക്കണക്കിനാണെങ്കിൽ മിക്കവാറും നമ്മുടെ രാജ്യത്തെ അരിയുൽപ്പാദനം തന്നെ ഇല്ലാതാകും. നമ്മുടെ രാജ്യത്തെ അരിയുൽപ്പാദനം കുറയുന്നു എന്നുമാത്രമല്ല ഇവിടത്തെ കർഷകത്തൊഴിലാളികളുടെ തൊഴിൽദിനങ്ങളും പോലും പകുതിയായി കുറയുന്നു. തൊഴിൽദിനം നഷ്ടപ്പെടുന്നതും ഭക്ഷ്യോൽപ്പാദനരംഗത്ത് കുറവുവരുന്നതുമായ ഈ അപകടസ്ഥിതി മനസ്സിലാക്കിയിട്ട് ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് അടിയന്തിരമായി പ്രാബല്യത്തിൽ വരുത്തി നടപ്പിലാക്കാൻവേണ്ടിയുള്ള എന്തു നിർദ്ദേശങ്ങളാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ളത്.

ശ്രീ. എ. എൽ. ജേക്കബ് : അത് പണ്ടേ പ്രാബല്യത്തിൽ വന്നിട്ടുള്ളതല്ലേ. ഇനി പ്രത്യേകിച്ച് അതിന്റെ ആവശ്യമൊന്നുമില്ലല്ലോ.

ശ്രീ. കെ. പി. എ. മജീദ് : നെൽകൃഷി ഇന്ന് ലാഭകരമല്ലാത്ത ഒരു സ്ഥിതിവിശേഷത്തിൽ എത്തിയതുകൊണ്ടാണ് നെൽപ്പാടങ്ങളും നികത്തി മറ്റു

LIBRARY ARCHIVES Kerala Legislative Assembly

കൃഷി നടത്താനുള്ള സാദ്ധ്യത ഉയർന്നുവന്നിട്ടുള്ളത് എന്നത് കണക്കിലെടുത്ത് നെൽകൃഷി ലാഭകരമാക്കുന്നതിന് വല്ല ആലോചനയും നടത്തിയിട്ടുണ്ടോ? അത് പരിശോധിക്കാൻ തയ്യാറാവുമോ ?

ശ്രീ. എ.എൽ. ജേക്കബ് : ലാഭകരമാക്കുന്നതിന് വളരെയധികം ആനുകൂല്യങ്ങൾ ഗവൺമെൻറ് ചെയ്തിട്ടുണ്ട്.

ശ്രീ. കെ.പി. പ്രഭാകരൻ : ഗവൺമെൻറ് എത്ര ആനുകൂല്യങ്ങളൊക്കെ ചെയ്തിട്ടും കൊല്ലന്തോറും നെൽകൃഷി ചെയ്യുന്നതിൻെറ പ്രിസ്തീർണ്ണം കുറഞ്ഞുവരുന്നത് ഇതിനു പണം മുടക്കിയാൽ അത് തിരിച്ചുകിട്ടുന്നതിനുള്ള മാർഗ്ഗമില്ലാത്തതുകൊണ്ടാണെന്നുള്ള കാര്യം ഇപ്പോഴെങ്കിലും ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ് : ന്യായമായി കൃഷി ചെയ്യുന്നപക്ഷം ഉൽപ്പാദനം കുറയുകയില്ല.

ശ്രീ. കെ.പി. പ്രഭാകരൻ : ആദായകരമായിട്ടുള്ള കൃഷി ഉപേക്ഷിക്കാൻ ഈ രാജ്യത്തെ കൃഷിക്കാരാരും തല്പരരാവുകയില്ല. ഇനിയെങ്കിലും നെൽകൃഷി ആദായകരമായി നടത്താനുള്ള നടപടികളും സ്വീകരിക്കാൻ തയ്യാറാവണം. അല്ലെങ്കിൽ അവരെ ആദായകരമായ മറ്റു കൃഷി ചെയ്യാൻ അനുവദിക്കണം. യാഥാർത്ഥ്യബോധത്തോടുകൂടി ഈ നിയമം പരിശോധിച്ച് അതിന് പരിഹാരമുണ്ടാക്കണം. അതിന് തയ്യാറാകുമോ ?

ശ്രീ. എ.എൽ. ജേക്കബ് : ആദായകരമായ മറ്റു കൃഷി ചെയ്യുന്നതിന് വിരോധമില്ല. ഞാൻ പലപ്പോഴും മി. പ്രഭാകരനോട് പറഞ്ഞിട്ടുണ്ട് സെക്കൻഡ് ക്രോപ്പ് ഏർപ്പാട് നിറുത്തണമെന്ന്. സെക്കൻഡ് ക്രോപ്പിന് നമ്മൾ ധാരാളം പണം ചെലവഴിക്കുന്നുണ്ട്. മി. പ്രഭാകരൻ അതിന് പലപ്പോഴും ലഹളയും കൂട്ടിയിട്ടുണ്ട്. മൽസ്യകൃഷി ചെയ്താൽ നെൽകൃഷി ചെയ്യുന്നതിൻെറ മൂന്നിരട്ടി ലാഭമുണ്ടാക്കാൻ കഴിയുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതിനുവേണ്ടി സഹായം കൊടുക്കാൻ ഗവൺമെൻറ് ആലോചിക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ : ഇവിടെ നെൽകൃഷി ചെയ്യുന്ന നിലങ്ങൾ നികത്തി തെങ്ങുവയ്ക്കുന്നതിനെപ്പറ്റിയും പുര പണിയുന്നതിനെപ്പറ്റിയുമൊക്കെയുള്ളതാണ് ചോദ്യം. മന്ത്രി പറയുന്നത് മൽസ്യകൃഷി നടത്താനാണ്. ഈ നെൽപ്പാടങ്ങളിലൊക്കെ മൽസ്യകൃഷി നടത്താനാണോ മന്ത്രിയുടെ നിർദ്ദേശം ?

ശ്രീ. എ.എൽ. ജേക്കബ് : ആദായകരമല്ലെങ്കിൽ മറ്റു കൃഷിക്ക് അനുവാദം കൊടുക്കുമോ എന്നാണ് ചോദിച്ചത്. മൽസ്യം വളർത്തലും കൃഷിയാണ്.

ശ്രീ. കെ. ടി. കുഞ്ഞാടൻ : കുട്ടനാടൻ പ്രദേശങ്ങളിലുള്ള നെൽപ്പാടങ്ങൾ നികത്തി റബ്ബർ കൃഷിനടത്താൻ ചില നടപടികളും ഭൂവുടമകളും സ്വീകരിച്ചിട്ടുള്ള സന്ദർഭത്തിൽ അതിനെതിരായി അവിടത്തെ കർഷകത്തൊഴിലാളികൾ സമരം ചെയ്തപ്പോൾ അവരെ അറസ്റ്റ് ചെയ്ത് കേസ് എടുത്തിട്ടുള്ള നടപടിയെ സംബന്ധിച്ച് എന്താണ് പറയുവാനുള്ളത് ?

ശ്രീ. എ. എൽ. ജേക്കബ് : ഞാൻ ഇപ്പോൾ മാത്രമാണ് അതിനെപ്പറ്റി അറിയുന്നത്. പോലീസ് ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യേണ്ടതാണ് അത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കണാരൻ: ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് വ്യാപകമായ അർത്ഥത്തിൽ പരാജയപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സമ്മതിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ കർശനമായി ഇത് തടയാനാവശ്യമായ വല്ല പ്രത്യേക നിർദ്ദേശങ്ങളോ നടപടികളോ എടുക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് തടയുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും നിയമങ്ങളുമൊക്കെത്തന്നെ നേരത്തെ നിലവിലുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: വീടുവയ്ക്കുന്നതിനും ഭക്ഷണസാധങ്ങൾക്കല്ലാതെ മറ്റ് കൃഷികാര്യത്തിനുപയോഗിക്കുന്നതിനും വേണ്ടി ഭൂമി നികത്തുന്നതിനെ വിവരം ശേഖരിക്കുന്നില്ലെന്ന് ഇവിടെ ഉത്തരത്തിൽ പറഞ്ഞു. ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് പ്രകാരം ഭക്ഷണസാധങ്ങളുൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങൾ മറ്റ് കൃഷികാര്യത്തിനായി കൺവെർട്ട് ചെയ്തതിനെ പേരിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചു. നെല്ല് ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ മൽസ്യം വളർത്തണമെന്നു പറയുന്നത് നിയമം ദുരുപയോഗപ്പെടുത്തുന്ന ആളുകൾക്ക് ഗവൺമെൻറ് സഹായം ചെയ്തുകൊടുക്കുന്നതിനെ ഒരു ഭോഗമാണ്. ഒരു കൃഷിയെന്ന് ഇവിടെ പറഞ്ഞു കേട്ടു. രണ്ട് കൃഷിചെയ്യേണ്ടിടത്ത് ഒരു കൃഷിമതിയെന്നാണ് പറയുന്നത്. ഇങ്ങനെ ഗവൺമെൻറുതന്നെ ഈ നിയമം ലംഘിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതുകൊണ്ടല്ലേ ഈ നിലങ്ങളൊക്കെ നികത്താനിടയാകുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: രണ്ട് കൃഷിചെയ്യുകയെന്നുപറഞ്ഞാൽ വളരെ ചെലവുള്ളതാണെന്ന് മി. പ്രഭാകരനുതന്നെ അറിയാവുന്നതാണ്. പമ്പിംഗ് സബ്സിഡി തുടങ്ങിയ മറ്റ് സബ്സിഡികളൊക്കെ അവരാവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ നാലിലൊന്ന് ചെലവ് മതി മൽസ്യകൃഷി നടത്താൻ.

ശ്രീ. ഇ. കെ. നായനാർ: ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് പഴകിപ്പൊളിഞ്ഞ ഒരു ആക്ടാണ്. ഇത് നടപ്പാകാൻ പോകുന്നില്ല. അതിലാവശ്യമായ ഭേദഗതികൾ വരുത്തി അത് നടപ്പിലാക്കണം. അതോടൊപ്പം ഇവിടെ പറഞ്ഞ കണക്കിൽ ഒരു ലക്ഷം ടൺ ഉല്പാദനം കുറവാണ്. നമ്മൾ കർഷകർക്ക് നൽകുന്ന സഹായത്തിൽ അപര്യാപ്തതയും പോരായ്മയും ഉണ്ട്. ഇത് പരിശോധിച്ച് സഹായം നൽകാതിരിക്കുക, പഴയ നിയമം വയ്ക്കുക, ഉല്പാദനം കുറയുക ഇതിനെറയൊക്കെ നടുവിൽക്കിടന്ന് നട്ടം തിരിയുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി. അതിനെപ്പറ്റി മന്ത്രിക്ക് വല്ല വിവരവും ഉണ്ടോ? (ബഹളം) സംസ്ഥാനത്ത് എത്ര ഹെക്ടർ നിലങ്ങൾ നികത്തി ഇന്നേവരെ അത് പറഞ്ഞിട്ടില്ല. പഴയ കണക്കാണ് ഇവിടെ പറഞ്ഞത്, അതുപോലെതന്നെ മറെറാന്ന് ഇവിടെ പറഞ്ഞു, ഉല്പാദനം കുറയുന്നില്ലെന്ന്. അതിന് ഇവിടെ വച്ച കണക്കെത്രയാണ്? ഒരു ലക്ഷം ടൺ കുറഞ്ഞു, പിന്നെ 45,000 ടൺ വർദ്ധിച്ചു, 35,000 ടൺ വീണ്ടും കുറഞ്ഞു. ഇതാണ് കണക്ക്. കൃഷിക്കാർക്കാവശ്യമായ സഹായം നൽകിക്കൊണ്ടും കർഷകത്തൊഴിലാളികൾക്ക് ജോലി നൽകാനുള്ള അവസരം നൽകിക്കൊണ്ടും. ഈ നിയമത്തിനാവശ്യമായ ഭേദഗതി വരുത്തി നടപ്പാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ഡോ. കെ. സി. ജോസഫ്: കേരളത്തിലെ മുഴുവൻ നെൽപ്പാടങ്ങളിലും ഒന്നും രണ്ടും കൃഷി ചെയ്താൽപ്പോലും കേരളത്തിനെ ഭക്ഷ്യാവശ്യം നിർവ്വഹിക്കത്തക്കവിധത്തിലുള്ള, നെല്ലുല്പാദിപ്പിക്കാൻ കഴിയില്ലെന്ന പ്ലാനിംഗ് കമ്മിഷനെറ റിപ്പോർട്ട് നിലവിലിരിക്കുന്ന. സാഹചര്യത്തിലും നെൽകൃഷി നഷ്ടകരമായ സാഹചര്യത്തിലും നെൽപ്പാടങ്ങളുള്ള പ്രദേശങ്ങളിൽ വീട്

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കാൻ സ്ഥലമില്ലാതെ ജനങ്ങൾ കഷ്ടപ്പെടുമ്പോൾ അവർക്ക് വീട് വയ്ക്കാൻ നെൽപ്പാടം നികത്താതെ മറ്റ് മാർഗ്ഗമില്ലാത്ത സാഹചര്യത്തിലും നമുക്ക് ഒരിക്കലും പരിപൂർണ്ണസ്വയംപര്യാപ്തതയിൽ എത്താൻ കഴിയാത്ത സാഹചര്യത്തിലും കൃഷിക്കാരെ രക്ഷപ്പെടുത്താനും അവർക്ക് ആദായകരമായി കൃഷിചെയ്യാനും വേണ്ടി ശ്രീമാൻ കെ. പി. പ്രഭാകരൻ പറഞ്ഞതുപോലെ അനുവദിക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതേപ്പറ്റി കൂടുതൽ ആലോചിച്ച് വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് നടപ്പാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പാലക്കാട് ജില്ലയിൽ ഇത് നടപ്പിലാക്കാൻവേണ്ടി നെൽപ്പാടങ്ങൾ നികത്തിയ ആളുകളുടെ പേരിൽ ആർ. ഡി. ഒ. കേസ്സെടുത്തപ്പോൾ റവന്യൂ മിനിസ്റ്റർ പറയുന്നു ഇനി ഈ ആക്ട് നടപ്പിലാക്കേണ്ട എന്ന്. ഗവൺമെൻറിന്റെ നയം എന്താണ് ? ഇത് നടപ്പിലാക്കാനാണോ ഉദ്ദേശം; ഒരു മന്ത്രി നടപ്പിലാക്കണമെന്ന് പറയുന്നു, മറ്റൊരു മന്ത്രി പറയുന്നു നടപ്പിലാക്കേണ്ട എന്ന്, ഇതിൽ ഏതാണ് ഗവൺമെൻറ് നയമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : കർശനമായി നികത്താൻ പാടില്ലെന്നാണ് ഗവൺമെൻറ് നിർദ്ദേശം.

ശ്രീ. വി. ദിനകരൻ : ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റ എന്നീ പഞ്ചായത്തുകളിൽ വ്യാപിച്ചുകിടക്കുന്ന കരിനിഴൽമേഖലകൾ നെൽക്കൃഷിക്കും മൽസ്യക്കൃഷിക്കും അനുയോജ്യമല്ലെന്ന് ശാസ്ത്രജ്ഞൻമാരും കർഷകരും കർഷകത്തൊഴിലാളികളുമടക്കം പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ലാൻഡ് യൂട്ടിലൈസേഷൻ ആക്റ്റിന്റെ പരിധിയിൽനിന്ന് ആ കരിനിഴൽമേഖലയെ ഒന്ന് ഒഴിവാക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : പരിശോധിച്ചു പറയാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ലാൻഡ് യൂട്ടിലൈസേഷൻ ആക്ടനുസരിച്ച് നെൽപ്പാടങ്ങൾ നികത്തി വീട് വയ്ക്കണമെങ്കിൽ ജില്ലാ കളക്ടറുടെ അനുവാദമാവശ്യമാണ്. ആ അനുവാദം തേടാതെ വീടുവച്ചിട്ടുള്ള എത്ര പേരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്. എത്ര കർഷകത്തൊഴിലാളികൾക്ക് ഇതുമൂലം ജോലി നഷ്ടപ്പെട്ടിട്ടുണ്ടെന്ന കണക്ക് പറയാമോ ? ഈ കർഷകത്തൊഴിലാളികളിൽ ബഹുഭൂരിഭാഗവും ഹരിജനങ്ങളായതുകൊണ്ട് അവരെ സംരക്ഷിക്കാനെങ്കിലും മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : നോട്ടീസ് വേണം.

ശ്രീ. കെ. പങ്കജാക്ഷൻ : വീട് വയ്ക്കുന്നതിനുവേണ്ടി എത്ര ഏക്കർ സ്ഥലം നികത്തിയെന്ന് ശ്രീമാൻ ബാലകൃഷ്ണൻ ഇവിടെ ചോദിച്ചു. വീടു വയ്ക്കുന്നതിനും തെങ്ങിൻതോപ്പുകളാക്കി മാറ്റുന്നതിനുമൊക്കെ നെൽപ്പാടങ്ങൾ കൺവെർട്ട് ചെയ്തിട്ടുള്ളതിന്റെ പേരിൽ കഴിഞ്ഞ അഞ്ചു സാമ്പത്തിക വർഷത്തിലായി എത്ര പേർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര പേർ അതിനുവേണ്ടി കളക്ടറേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

ശ്രീ. എ. എൽ. ജേക്കബ് : പ്രത്യേക ചോദ്യം വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : എന്റെ പ്രദേശമുൾപ്പെടെ കേരളത്തിലൊട്ടാകെ ഇന്ന് നെൽക്കൃഷി സ്ഥലങ്ങൾ മാറ്റ് കൃഷിയാവശ്യങ്ങൾക്കുവേണ്ടിയും വീട് വയ്ക്കുന്നതിനുവേണ്ടിയും നികത്തികൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി കർഷകത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ഇതേ സംബന്ധിച്ച് ഇന്നുവരെ ഗൗരവമായി ചിന്തിക്കുകയോ ഇതിനൊരു പോംവഴി കണ്ടുപിടിക്കാൻ പരിശ്രമിക്കുകയോ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ നിയമത്തിലാവശ്യമായ ഭേദഗതിചെയ്തുകൊണ്ട്, 10 സെന്റിൽ വീട് വയ്ക്കാൻ വേണ്ടി നികത്തുന്നത് ഒഴിവാക്കി കൃഷിസ്ഥലങ്ങൾ ഇങ്ങനെ കൺവെർട്ട് ചെയ്യുന്നത് തടയുന്നതിനുള്ള ഫലപ്രദമായ ഒരു നിയമനിർമ്മാണം നടത്തുകയും അതിനാവശ്യമായ നടപടികൾ ഇത്രകാലത്തിനകം സ്വീകരിക്കുകയും ചെയ്യാമെന്ന് ഉറപ്പുപറയുവാൻ കഴിയുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ മുമ്പ് പറഞ്ഞതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : റവന്യൂറെക്കാർഡിൽ നെൽപ്പാടങ്ങളായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ നെൽകൃഷി ചെയ്യാൻ അസാദ്ധ്യമായിട്ടുള്ള സ്ഥലങ്ങൾ കൃഷിക്കാർ പുരയിടങ്ങളായി കൺവർട്ട് ചെയ്തിട്ട്, തെങ്ങ്, കവുങ്ങ് തുടങ്ങിയുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നു. അത്തരം സ്ഥലങ്ങളെ ഇതിൽനിന്നും ഒഴിവാക്കാൻ വേണ്ടിയുള്ള എന്തെങ്കിലും ഏർപ്പാട് ചെയ്യുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആലോചിക്കാവുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് വിപരീതമായി നെൽപ്പാടങ്ങൾ നികത്തി വീട് വയ്ക്കുന്നു, വാഴ, മരിച്ചീനി, തെങ്ങ്, റബ്ബർ മുതലായവ കൃഷിചെയ്യുന്നു. അങ്ങനെ നിയമം പൂർണ്ണമായും ലംഘിക്കുന്നു. പ്രത്യേകിച്ച് നമ്മുടെ ചീഫ് വിപ്പ് ഡോ. കെ. സി. ജോസഫിന്റെ അഭിപ്രായത്തിൽ കൂടുതൽ ലാഭകരമായ കൃഷി അനുവദിക്കുന്നതിനുവേണ്ടി നിയമം ഭേദഗതി ചെയ്യണമെന്നും, ആവശ്യപ്പെടുന്നു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഈ നിയമം റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആത് ഞാൻ മുമ്പ് പറഞ്ഞിട്ടുള്ള കാര്യമാണ്. ഇത് റദ്ദ് ചെയ്യാൻ വേണ്ടി പല നിവേദനങ്ങളും കിട്ടി, കാര്യങ്ങൾ കേന്ദ്രത്തിൽ എഴുതി ചോദിച്ചു. അപ്പോൾ അവിടെനിന്ന് കിട്ടിയ മറുപടി ഗോതമ്പ് കൂടുതലായി ഉപയോഗിക്കുന്നപക്ഷം അരിക്ക് പകരം ഗോതമ്പ് ഉപയോഗിച്ചാൻ ഈ ഓർഡർ റദ്ദ് ചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിക്കാം എന്നാണ്.

ശ്രീ. തച്ചടിപ്രഭാകരൻ : ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിൽ കൃഷിക്കാരെ ബാധിക്കുന്ന നിരവധി ദോഷകരമായ വകുപ്പുകളുണ്ട്. ആ വകുപ്പുകൾ പ്രകാരം നമ്മുടെ രാജ്യത്ത് ആദായകരമല്ലാതെ നെൽക്കൃഷി നടത്തുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം—അവർ തെങ്ങ് മുതലായവ വച്ചു പിടിപ്പിക്കുന്നതുകൊണ്ട് അതിനെതിരായി നടപടി എടുക്കേണ്ട എന്ന് ശ്രീ. ഇ. കെ. നായനാർ ഇവിടെ മുഖ്യമന്ത്രിയും ശ്രീമതി കെ. ആർ. ഗൗരി കൃഷിവകുപ്പുമന്ത്രിയും ആയിരുന്നപ്പോൾ അന്നത്തെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ച കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ആ നയം തന്നെയാണോ ഈ ഗവൺമെന്റും തുടരുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ് : എനിക്ക് അതേക്കുറിച്ച് അറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ശ്രീമതി ഗൗരി കോൺഫറൻസിൽ കൃഷിക്കാരെ വിളിച്ച് നമ്മളം ഇതിന് യാതൊരു നടപടിയും എടുക്കണ്ട എന്നു പറഞ്ഞിട്ടുണ്ട്. ശ്രീമതി ഗൗരി കൃഷിവകുപ്പുമന്ത്രിയായിരുന്നപ്പോൾ നെൽക്കൃഷി നടത്തുന്നവർ തെങ്ങ് മുതലായവ വയ്ക്കുകയാണെങ്കിൽ അവരെ ഉപദ്രവിക്കണ്ട എന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. എ.എൽ.ജേക്കബ് : എനിക്ക് അതിനെപ്പറ്റി വലിയ അറിവൊന്നുമില്ല.

ശ്രീ. തച്ചടിപ്രഭാകരൻ : ശ്രീമതി ഗൗരി കൃഷി വകുപ്പുമന്ത്രി എന്നുള്ള നിലയിൽ കർഷകസംഘം പ്രതിനിധികളെ വിളിച്ച് പറഞ്ഞ കാര്യമാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ അത് നിക്ഷേധിക്കുന്നു. മുമ്പ് നിയമസഭയിലെന്നാണ് പറഞ്ഞത്, പിന്നെ കോ-ഓർഡിനേഷനിൽ എന്നു പറഞ്ഞു, കുറെക്കൂടി കഴിഞ്ഞപ്പോൾ വിളിച്ചുകൂട്ടി പറഞ്ഞതായി, ഇനി കുറെക്കൂടി കഴിയുമ്പോൾ ഞാൻ പറഞ്ഞത് കേട്ടു എന്നു പറയും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ലാൻഡ് യൂട്ടിലൈസേഷൻ നിയമത്തിൽ ഇന്നുള്ള ഏറ്റവും വലിയ ബുദ്ധിമുട്ട് ഈ നിയമപ്രകാരം ആക്ഷൻ എടുക്കേണ്ട ആൾ ആർ. ഡി. ഒ. ആണ് എന്നതാണ്. സൂര്യനു താഴെയുള്ള എല്ലാം ജോലികളും ചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ ആണ് ആർ. ഡി. ഒ. എന്റെ ആഫീസിൽത്തന്നെ 12 കൊല്ലത്തെ പഴക്കമുള്ള കേസ്സുകളുണ്ട്. ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ അനുസരിച്ച് ഒരു പരാതി ബോധിപ്പിച്ചാൽ ആദ്യം ഒരു പ്രിലിമിനറി ഓർഡർ പാസ്സാക്കും. അതുകഴിഞ്ഞ് എവിഡൻസ് സ്റ്റേറ്റ് എന്നു പറഞ്ഞ് 12 കൊല്ലമായി നിലവിലിരിക്കുന്ന ലാൻഡ് യൂട്ടിലൈസേഷൻ കംപ്ലയ്ൻറ്സും പെറ്റീഷൻസും ആർ. ഡി. ഒ. യുടെ മുമ്പിലുണ്ട്. ഫലം എന്താണെന്നു ചോദിച്ചാൽ നിലം നികത്തി ആളുകൾ തെങ്ങ് വെച്ച് കായ് ഇടക്കും. അതുപോലെ റബ്ബർ കൃഷിചെയ്തു ഒടുവിൽ ക്ലിയർ ഫെല്ലിംഗ് വരെ നടത്തിയാലും ഈ പെറ്റീഷൻ ഡിസ്പോസ് ചെയ്യുകയില്ല. അങ്ങനെ പത്തും പന്ത്രണ്ടും കൊല്ലമായവയാണ്. അതുകൊണ്ട് ഇത് കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി അടിയന്തിരമായ നടപടികളെടുക്കാൻ വേണ്ട സംവിധാനം നിയമത്തിൽ വരുത്തിയാൽ പ്രയോജനമാകും. അതിനാൽ ഇന്നത്തെ ഈ ഏർപ്പാട് അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ എന്നുള്ളത് വിശദമായി പറയുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : എനിക്ക് ഇവിടെ ഈ നിയമത്തിന്റെ എളുപ്പമായ നടത്തിപ്പിനെക്കുറിച്ചാണ് സൂചിപ്പിക്കാനുള്ളത്. ഇവിടെ ശ്രീ. വർക്കല പറഞ്ഞതുപോലെ ആർ. ഡി. ഒ. യാണ് നടപടികളെടുക്കേണ്ടതെ. റവന്യൂ ഉദ്യോഗസ്ഥൻമാർ സഹകരിച്ചാലേ ഈ നിയമം ഇഫക്ടീവായി നടപ്പിലാക്കാൻ സാധിക്കുകയുള്ളു. ഇന്ന് ഇവിടെ പറഞ്ഞതുപോലെ പത്തും പന്ത്രണ്ടും വർഷം കഴിയുമ്പോൾ, തെങ്ങ് നട്ട് അത് കാച്ച് ഏതാണ്ട് മുറിക്കാറായി കഴിയുമ്പോൾ ആണ് നടപടി വരുന്നത്. അതിനാൽ ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ യൂണിറ്റ് ഉണ്ടാക്കുമോ ? ഇന്ന് ഇവ പല ഡിപ്പാർട്ടുമെന്റ് ലുമുണ്ട്— അടിയന്തിരമായി ഇതുപോലൊരു പരാതി കിട്ടിയാൽ അതേക്കുറിച്ച് അന്വേഷിക്കാനും ഒരു കാലപരിധിക്കകത്ത്തന്നെ-കൂടിയാൽ ഒരു വർഷത്തിനകത്ത് ഇതിനെക്കുറിച്ച് അന്തിമ തീർപ്പ് കൽപ്പിക്കാനും ഉതകുന്ന തരത്തിൽ ഒരു മൊബൈൽ യൂണിറ്റ് ഉണ്ടാക്കി ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് തീർച്ചയായും ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : നമ്മുടെ സംസ്ഥാനം ഒരു കമ്മി സംസ്ഥാനമായതുകൊണ്ടാണ് ഈ നെൽപ്പാടങ്ങളിൽ മറ്റ് നാണ്യവിളകളൊന്നും കൃഷി ചെയ്യാൻ പാടില്ല എന്നു പറഞ്ഞ് ലാൻഡ് യൂട്ടിലൈസേഷൻ നിയമം ഉണ്ടായത്. ഇവിടെ ആവശ്യമുള്ളതിൽ പകുതിയോളം അരി അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഗോതമ്പ് തിന്ന് ശീലിച്ചാൽ നെൽപ്പാടങ്ങളെ നികത്തുന്നതു കൊണ്ട് വിരോധമില്ല എന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞു. ഇങ്ങനെ പോയാൽ കുറെ കാലം കഴിയുമ്പോഴേക്കേരളീയർ മോഡേൺ ബ്രഡോ, വേറെ എന്തെങ്കിലും കായ്കനികളോ തിന്ന് ജീവിക്കേണ്ടതായി വരും. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന അരിയുടെ ട്രാൻസ്പോർട്ട് ചെലവും, അവിടെ നിന്ന് കൂടുതൽ വിലയ്ക്ക് വാങ്ങി ഇവിടെ കുറഞ്ഞ വിലയ്ക്ക് കൊടുക്കുന്ന സബ്സിഡിയും ഉൾപ്പെടെയുള്ള പൈസ നെൽക്കൃഷി ഇവിടെ ആദായകരമാക്കിത്തീർക്കുന്നതിന് ഉപയോഗിക്കുമോ ? കൃഷിക്കാർക്ക് വേണ്ട പ്രോൽസാഹനം നൽകി, അവർക്ക് വളത്തിനോ അതുപോലുള്ള കാര്യങ്ങൾക്കോ സബ്സിഡി നൽകി ഇവിടെ നെൽക്കൃഷി ചെയ്യേണ്ടതാണ്. ഈ നാടിന്റെ കൂടി, കേരളീയന്റെ കൂടി ഒരു അത്യാവശ്യമാണെന്നുള്ള ഗൗരവതരമായ കാര്യം കണക്കിലെടുത്ത് അതിനാവശ്യമായ ഒരു തീരുമാനമെടുക്കാനുള്ള എന്തെങ്കിലും ശ്രമം ഈ ഗവൺമെന്റ് ചെയ്യുമോ ?

ശ്രീ. എ. എൽ. ജേക്കബ് : നെൽക്കൃഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടി വളരെയധികം ആനുകൂല്യങ്ങൾ ചെയ്തിട്ടുണ്ടല്ലോ, ബഹുമാനപ്പെട്ട മെമ്പർക്ക് അതേക്കുറിച്ച് അറിയാവുന്നതുമാണ്.

ശ്രീ. ടി.പി. പീതാംബരൻമാസ്റ്റർ : ലാൻഡ് യൂട്ടിലൈസേഷൻ ആക്റ്റ് പാസാക്കുന്നതിന് പ്രധാനമായും പ്രേരിപ്പിച്ച സംഗതി നമ്മുടെ സംസ്ഥാനം ഭക്ഷ്യധാന്യങ്ങളുടെ കമ്മിയുള്ള ഒരു സംസ്ഥാനമായതുകൊണ്ടാണ്. ആ കമ്മി വർദ്ധിപ്പിക്കാൻ ഇട വരരുത് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് ഉണ്ടാക്കിയിട്ടുള്ളത്. അതോടൊപ്പംതന്നെ പതിനായിരക്കണക്കിന് കർഷകതൊഴിലാളികളും ധാന്യങ്ങളും ഉൽപ്പാദിപ്പിക്കുന്ന രംഗത്തുള്ള പ്രവർത്തനം കൊണ്ട് ഉപജീവനം കഴിക്കുന്നവരാണ്. ധാന്യകൃഷി ലാഭകരമല്ലാത്തതുകൊണ്ട് ലാഭം ഉണ്ടാകുന്ന കൃഷി നടത്താനുള്ള അനുവാദം കൊടുക്കുന്ന ഒരു സമീപനമാണോ സർക്കാരിനുള്ളത് എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ ചെയ്താൽ പതിനായിരക്കണക്കിന് കർഷകത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം നഷ്ടപ്പെടും. ദീർഘവീക്ഷണത്തോടുകൂടി ആലോചിച്ചാൽ ഈ സംസ്ഥാനം എന്നും സമ്പൂർണ്ണമായി ഭക്ഷ്യധാന്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ട ഗതികേട് ഉണ്ടാകുമെന്നുള്ള കാര്യം ഗവൺമെന്റ് പരിഗണിച്ച് ബുദ്ധിപൂർവ്വമായി ഈ ഭക്ഷ്യധാന്യകൃഷി ആദായകരമായി നടത്താൻ ആവശ്യമായ നടപടികളും സഹായങ്ങളും നൽകാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ് : അത് ഞാൻ മുമ്പ് പറഞ്ഞതാണ്. പല തരത്തിലുള്ള സഹായങ്ങളും ഈ കൃഷി വിപുലീകരിക്കുന്നതിനുവേണ്ടി ചെയ്തിട്ടുണ്ട്. അതെല്ലാം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്ന കാര്യങ്ങളാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : നെൽക്കൃഷി ആദായകരമല്ലാത്തതുകൊണ്ട് മാത്രമല്ല, വർദ്ധിച്ചുവരുന്ന ജനസംഖ്യാവർദ്ധനവിനനുസരിച്ച് പുരവയ്ക്കാനും മറ്റും ഭൂമി കണ്ടെത്താൻ സൗകര്യമില്ലാത്തതുകൊണ്ടുകൂടിയാണ് ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് ലംഘിക്കപ്പെടുന്നത് എന്നുള്ളത് പരിഗണിച്ചുകൊണ്ട് ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഞാൻ അതിന്റെ ഉത്തരം പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഈ നിയമം ലംഘിച്ച് സർക്കാർ തന്നെ നെൽപ്പാടങ്ങൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുകയും ഹൗസിങ്ങ് ബോർഡിന്റെ ആവശ്യത്തിനുവേണ്ടിയും ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആവശ്യത്തിനുവേണ്ടിയും മറ്റും ഉപയോഗിക്കുകയും ചെയ്തിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങനെ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ശ്രീ. നമ്പാടൻ മന്ത്രിയായിരുന്ന കാലത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആവശ്യത്തിന് നികത്തിയതായി എനിക്ക് അറിയാം.

ശ്രീ. ഇ. പത്മനാഭൻ : ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിൽ നിന്ന് എക്സംപ്ഷൻ ആവശ്യപ്പെട്ടുകൊണ്ട് വിവിധ മുനിസിപ്പൽ പ്രദേശങ്ങളിലെ നിവാസികൾ അയച്ച അപേക്ഷകൾ എത്രയെണ്ണം ഇപ്പോൾ വിവിധ ആർ.ഡി.ഒ. മാരുടെ പക്കൽ പെൻഡിംഗിലുണ്ട് ?

ശ്രീ. എ. എൽ. ജേക്കബ് : അത്ര പെട്ടെന്ന് പറയാവുന്ന കാര്യമല്ല.

ശ്രീ. ഒ. ഭരതൻ : നമ്മുടെ സംസ്ഥാനത്ത് ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് മാത്രമല്ല മറ്റ് നിരവധി നിയമങ്ങൾ നിരന്തരമായി ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിയമം യാന്ത്രികമായി നടപ്പിലാക്കുന്നതിനു പകരം നിയമം ലംഘിക്കപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ച് അത് ലംഘിക്കാതിരിക്കുവാൻ ആവശ്യമായിട്ടുള്ള അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൃഷിക്കാർക്ക് ധാരാളം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട് എന്നു പറഞ്ഞു. ആ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിന് സമയം തന്നാൽ ചെയ്ത കാര്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാം.

ശ്രീ. സി. കെ. ചക്രപാണി : ശ്രീ. ലോനപ്പൻ നമ്പാടൻ, ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് ലംഘിച്ചുകൊണ്ട് സർക്കാർ തന്നെ നെൽപ്പാടങ്ങൾ നികത്തുന്നുണ്ടോ എന്ന്. അതിനെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ എന്നും ചോദിച്ചപ്പോൾ ഒരു മറുചോദ്യമാണ് മന്ത്രി ചോദിച്ചത്. ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് ലംഘിക്കുന്ന, സർക്കാർ ആയാലും ശരി അർദ്ധ സർക്കാർ ആയാലും ശരി, ആരായാലും അവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ് : കടലു നികത്താൻ പോലും ഗവൺമെൻറിന് അധികാരമുണ്ടല്ലോ.

ശ്രീ. ജി. വരദൻ : മലയോര കർഷകനു മണ്ണു നിരത്തി നെൽക്കൃഷി ചെയ്യുന്നതിനു വേണ്ട സഹായം നൽകാൻ ഗവൺമെൻറു തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : പരിശോധിക്കാം.

ശ്രീ. സി. പി. മൂസ്സാൻകുട്ടി : നെൽക്കൃഷി ആദായകരമല്ലാത്തതുകൊണ്ടും മറു കൃഷിചെയ്യാൻ അനുവദിക്കാത്തതുകൊണ്ടുമാണു ഭൂമി മറു കൃഷിക്കു ഉപയോഗിക്കുന്നത്. ഉദാഹരണമായി കൃഷിഭൂമിയിൽ ഉപ്പുവെള്ളം കയറുന്നതുകൊണ്ടു ഭൂമി നഷ്ടപ്പെടുന്നു. അതിൽ കൃഷി ചെയ്യുന്നതിനെ സംബന്ധിച്ച് കാട്ടാമ്പള്ളിയിലുള്ള കൃഷിക്കാരിൽ നിന്നു വല്ല നിവേദനവും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് പരിഗണിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : നിവേദനമൊന്നും കിട്ടിയിട്ടില്ല.

ശ്രീ. കെ. മുഹമ്മദാലി : ലാൻഡു യൂട്ടിലൈസേഷൻ ആക്ടു കർശനമായി നടപ്പിലാക്കണമെന്നു ഇവിടെ പറയുകയുണ്ടായി. ഇന്നു നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നതു നെൽക്കൃഷിക്കാരാണ്. അവർക്കു നെൽക്കൃഷി നടത്താൻ പറ്റാത്ത സാഹചര്യത്തിൽ, അവരുടെ ജീവിതമാർഗ്ഗമെന്ന നിലയിൽ നെൽക്കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ, മറു കൃഷിയോ അല്ലെങ്കിൽ ആ ഭൂമി മറു കാര്യങ്ങൾക്കോ ഉപയോഗിക്കുന്നതിനു തടസ്സം നിൽക്കുന്നതു ശരിയല്ല. ആ കാര്യത്തെ കുറിച്ചു ഗവൺമെൻറു ഗൗരവമായി ആലോചിച്ചു പരിഹാരം ഉണ്ടാക്കുകയോ അല്ലെങ്കിൽ നെൽക്കൃഷിക്കാരെ സഹായിക്കാൻ പ്രത്യേകമായ എന്തെങ്കിലും നടപടികളും സ്വീകരിക്കുകയോ ചെയ്യാൻ ഗവൺമെൻറു തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിനെപ്പറ്റി ഗൗരവമായി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണു.

ശ്രീ. ജോസു കുറ്റിയാനി : നെൽക്കൃഷി നഷ്ടമായതിനാൽ ഗ്രാമപ്രദേശങ്ങളിൽ പതിനായിരക്കണക്കിനു ഹെക്ടർ ഭൂമി തരിശായി ഇട്ടിരിക്കുകയാണു. ഒരു ഹെക്ടർ ഭൂമി കൃഷി ചെയ്യുമ്പോൾ ശരാശരി നാലായിരം രൂപ നഷ്ടം വന്നുകൊണ്ടിരിക്കുകയാണു. സബ്സിഡി കൊടുത്തു നെൽക്കൃഷി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയുള്ള സാമ്പത്തിക സ്ഥിതി നമുക്കു ഇന്നു ഇല്ലാത്തതുകൊണ്ടു ലാൻഡു യൂട്ടിലൈസേഷൻ ആക്ടു ഭേദഗതി ചെയ്തുകൊണ്ടു മറു ആദായകരമായ കൃഷി അവിടെ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിക്കാൻ ഗവൺമെൻറു തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിനെപ്പറ്റി പരിശോധിച്ചു കൊണ്ടിരിക്കുകയാണു. അവസാനമായിട്ടു ഒന്നും പറയാൻ സാധിക്കുകയില്ല.

ശ്രീ. സി. കെ. തങ്കപ്പൻ : വ്യക്തമായ മറുപടി ലഭിക്കാത്തതുകൊണ്ടു ചോദ്യം ചോദിക്കണമെന്നു തോന്നുന്നില്ല.

ശ്രീ. കെ. സി. ജോസഫ് : പാവപ്പെട്ട നെൽക്കൃഷിക്കാർ വളരെ ക്ലേശത്തിലാണു. കേരള ലാൻഡു യൂട്ടിലൈസേഷൻ ആക്ടു പ്രകാരം മറു കൃഷി ചെയ്യാൻ അവർക്കു നിവൃത്തിയില്ല. നെൽക്കൃഷിയാണെങ്കിൽ വളത്തിന്റെ വില, കൃഷിച്ചെലവു, കീടനാശിനികളുടെ വിലയിലുള്ള വർദ്ധനവു

LIBRARY ARCHIVES Kerala Legislative Assembly

മുതലായവ കാരണം വളരെ ലാഭകരമല്ല. ആ നിലയ്ക്ക് ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് പ്രകാരം നെൽക്കൃഷി ചെയ്യുന്ന പാടങ്ങൾ കൺവർട്ട് ചെയ്യാൻ നിവൃത്തിയില്ല. അതുകൊണ്ട് നെൽക്കൃഷിക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി കൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനി എന്നിവ സബ്സിഡിയായി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് തന്നെ ഏതെങ്കിലും തരത്തിൽ ഭേദഗതി ചെയ്യേണ്ടതാണോ എന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് ആ കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല : ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് അപ്രായോഗികമാണെന്ന വാദഗതി ഉയർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും സംഘടനയുടെ ഭാഗത്തുനിന്ന് നിവേദനം ഗവൺമെന്റിന്റെ പക്കൽ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : വളരെയധികം സംഘടനകളിൽ നിന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഞാൻ അത് നേരത്തെ പറഞ്ഞു കഴിഞ്ഞല്ലോ.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : അടുത്തകാലത്തായി പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽ, ലോകത്തിൽ ഏറ്റവും അത്യുല്പാദനശേഷിയുള്ള നെല്ല് കണ്ടുപിടിച്ചിരിക്കുന്നു. അത് പരസ്യവിപണിയിൽ അടുത്ത കാലത്ത് ഇറക്കും. ഈ നെല്ല് ഉപയോഗിച്ചുകൊണ്ട് നമ്മുടെ നെൽക്കൃഷി നടത്താൻ കഴിവുള്ള എല്ലാ സ്ഥലത്തും നെൽക്കൃഷിയും അതിന് അനുയോജ്യമല്ലാത്ത സ്ഥലത്ത് മറ്റ് കൃഷിയും നടത്താൻ കഴിയത്തക്ക വിധത്തിൽ നിയമ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിന് ഭേദഗതി വേണ്ട.

ശ്രീ. എം. എം. ഹസ്സൻ : ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് ലംഘിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണം, പ്രത്യേകിച്ച് നഗരങ്ങളിലൊക്കെ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമില്ലാത്തതുകൊണ്ടാണ്. അവർ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. നെൽക്കൃഷി മുടക്കാനും പാടില്ല. നഗരങ്ങളിൽ ഭൂമി കിട്ടുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊണ്ട് ഇപ്പോൾ അപ്പാർട്ടുമെന്റ് ഓണർ ഷിപ്പ് ആക്ട് പാസ്സാക്കിയിട്ടുണ്ട്, ഇനി ഫ്ളാറ്റുകൾ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല. അതുകൊണ്ട് വിവിധ വശങ്ങൾ പരിഗണിച്ചുകൊണ്ട് ....പ്രതിപക്ഷ നേതാവിന് ധാരാളം സമയം കൊടുത്തു.

മി. സ്പീക്കർ : പ്രതിപക്ഷ നേതാവിന് കൊടുക്കുന്ന പ്രത്യേക പരിഗണന എല്ലാ അംഗങ്ങൾക്കും അനുവദിക്കുകയില്ല.

ശ്രീ. എം. എം. ഹസ്സൻ : ഞാൻ ചോദ്യം ചോദിക്കുന്നതിന് പ്രതിപക്ഷ നേതാവിനെയാണ് മാതൃകയാക്കിയിരിക്കുന്നത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിനെക്കുറിച്ച് ഒരു പുനർചിന്തനം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഞാൻ നേരത്തെ അതിനെപ്പറ്റി പറഞ്ഞു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly